**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം**

**വഞ്ചിയൂർ.പി.ഒ., തിരുവനന്തപുരം. പിൻ - 695035**

**ഫോൺ: 0471 2302490 ഫാക്സ് :0471 2303025/2303080**

ഇ-മെയിൽ: dhskerala@gmail.com വെബ്സൈറ്റ്:

**www.dhs.kerala.gov.in**

---

നം: ഇ എസ്4-17111/2024/ആ.വ.ഡ തീയതി: 24-01-2025

**<u>സർക്കുലർ</u>**

വിഷയം:- ആവഡ-. സിവിൽ സർജ്ജൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് ഡി പി സി കൂടുന്നത് -അസിസ്റ്റൻറ് സർജൻ കേഡറിൽ ഉള്ളവർ ആനുവൽ കോൺഫിഡെൻഷ്യൽ റിപോർട്ട് സമർപ്പിക്കാത്തത് – സംബന്ധിച്ച്.

സൂചന:- ഇതേ നമ്പറിലെ 10.12.2024 ലെ സർക്കുലർ

സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ സിവിൽ സർജ്ജൻ തസ്തികയിൽ ധാരാളം ഒഴിവുകൾ നിലനിൽക്കുന്നു. ഇത് സർക്കാർ ആതുരാലയങ്ങളിൽ ചികിൽസ തേടിവരുന്ന പൊതുജനങ്ങളെ കാര്യമായി ബാധിക്കുന്നു. കൂടാതെ സിവിൽ സർജ്ജൻ തസ്തികയിൽ പ്രൊമോഷൻ യഥാവിധി നടന്നാൽ മാത്രമേ അസിസ്റ്റൻറ് സർജൻ തസ്തികയിലെ PSC റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർഥികൾക്ക് നിയമനം ലഭിക്കുകയുള്ളൂ. സിവിൽ സർജ്ജൻ തസ്തികയിലേക്ക് പ്രൊമോഷൻ നല്കുന്നതിന് സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ആയതിലേക്കായി ഡിപാർട്ട്മെൻറൽ പ്രമോഷൻ കമ്മിറ്റി കൂടുന്നതിന് ഫീഡർ കാറ്റഗറി-യിൽ വരുന്ന സീനിയർ ആയ അസിസ്റ്റൻറ് സർജന്മാരുടെ ആനുവൽ കോൺഫിഡെൻഷ്യൽ

റിപ്പോർട്ടും പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർപ്പും ആവശ്യമാണ്. ഇവ ആവശ്യപ്പെട്ടുകൊണ്ട് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ നാളിതുവരെയും ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന ലിസ്റ്റിലെ മെഡിക്കൽ ഓഫീസർമാർ സി. ആർ. ഉം അസിസ്റ്റന്റ് സർജ്ജൻ തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച ഉത്തരവിന്റെ പകർപ്പും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കിയിട്ടില്ല.

**2. I will not relinquish regular promotion due after the grant of time bound higher grade promotion** എന്ന **undertaking** ന്റെ അടിസ്ഥാനത്തിലാണ് ഉദ്യോഗസ്ഥർക്ക് **Time Bound Higher Grade Promotion** അനുവദിക്കുന്നത്. **GO(P) No. 39/1991/P&ARD dated. 7/12/1991** പ്രകാരം **time bound higher grade promotion** വാങ്ങിയ ഉദ്യോഗസ്ഥനെ പ്രമോഷൻ **relinquish** ചെയ്യുവാൻ അനുവദിക്കില്ല. ഈ ചട്ട വ്യവസ്ഥകൾ മറികടക്കുവാനും, പ്രമോഷൻ ലഭിക്കുമ്പോൾ വരുന്ന സ്ഥലം മാറ്റം ഒഴിവാക്കാനുമായിട്ടാണ് മെഡിക്കൽ ഓഫീസർമാർ ആനുവൽ കോൺഫിഡെൻഷ്യൽ റിപ്പോർട്ടും പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർപ്പും സമർപ്പിക്കാത്തതെന്ന് പ്രാഥമികമായി വിലയിരുത്തുന്നു.

**3.** മേല്പ്പറഞ്ഞ സാഹചര്യത്തിൽ ഇതോടൊപ്പമുള്ള ലിസ്റ്റിലുള്ള അസിസ്റ്റൻറ് സർജന്മാർ ബന്ധപ്പെട്ട ആനുവൽ കോൺഫിഡെൻഷ്യൽ റിപ്പോർട്ടും, **self appraisal**-ലും പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർ പ്പും **30.01.2025** നകം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ എത്തിക്കേണ്ടതാണ്. അപ്രകാരം ചെയ്യാത്തപക്ഷം അവർക്കു നല്കിയ **time bound higher grade promotion** റദ്ദ് ചെയ്യുന്നതിനും, അവരിൽ നിന്നും **time bound higher grade promotion** വഴി നല്കിയ തുക ഈടാക്കുന്നതും, അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.

Signed by
Reena K J
Date: 24-01-2025 14:39:45

**DIRECTOR OF HEALTH SERVICES**

ഉള്ളടക്കം

ലിസ്റ്റ്

സ്വീകർത്താവ്:

1. എല്ലാ ജില്ലാ മെഡിക്കൽ ഒഫീസർമാർക്കും (ഈ മെയിൽ മുഖാന്തിരം)
2. ബന്ധപ്പെട്ട ആഫീസർമാർ (ജില്ലാ മെഡിക്കൽ ആഫീസർ മുഖാന്തിരം)
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്